നം.കെ.എസ്.എ-കെ.ടി.എം.പി10/2024/18 തീയതി : 28.11.2018

# കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2017 മുതൽ 31.08.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 09.11.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.10.2018 മുതൽ 9. 11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി സ്മിത റ്റി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രഞ്ജുപ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ടീനാമോൾ ചാക്കോ | 1.04.2017 മുതൽ 02.04.2017 വരെ |
| | ശ്രീ.ജോസഫ് തോമസ് -പ്രസിഡന്റ് ഇൻ ചാർജ്ജ്(വൈസ് പ്രസിഡന്റ്) | 03.04.2017 മുതൽ 23.04.2017 വരെ |
| | ശ്രീമതി ലത അശോകൻ | 23.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി മിനി മുരളി | 1.04.2017 മുതൽ 16.11.2017 വരെ |

| | | |
|---|---|---|
| | | 19.01.2018 മുതൽ 28.01.2018 വരെ |
| | ശ്രീമതി ലേഖ എസ്. | 17.11.2017 മുതൽ 26.12.2017 വരെ<br>3.01.2018 മുതൽ 18.01.2018 വരെ |
| | ശ്രീ.രഞ്ജിത്ത് എം.എസ്.-അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്) | 27.12.2017 മുതൽ 2.01.2018 വരെ |
| | ശ്രീമതി ഷീല എൽ. | 29.01.2018 മുതൽ 31.03.2018 വരെ |

സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഹയറുന്നീസ എം.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ടെസി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി തങ്കമ്മ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീമതി ബിജിമോൾ | 1.04.2017 മുതൽ 12.07.2017 വരെ |
| | ശ്രീ.എ.കെ.ഹരി | 15.07.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി ഷൈല ഇ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.സാലി സെബാസ്റ്റ്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ശ്രീലജ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ബിന്ദുശ്രീ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി വിനീത | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.അജിത്ത് ജേക്കബ് | 01.04.2017 മുതൽ<br>3.10.2017 വരെ<br>09.10.2017 മുതൽ<br>31.03.2018 വരെ |
| ഡയറി ഫാം ഇൻസ്റ്റക്ടർ | ശ്രീമതി ജയകുമാരി പി.ബി. | 01.04.2017 മുതൽ<br>31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.വി.ഭാസുരദാസ് | 01.04.2017 മുതൽ<br>2.05.2017 വരെ |
| | ശ്രീ.റോയി കെ.ജോർജ്ജ്<br>ഹെഡ് ക്ലർക്ക് (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 3.05.2017 മുതൽ<br>10.05.2017 വരെ<br>16.06.2017 മുതൽ<br>19.06.2017 വരെ |
| | ശ്രീ.മുരുകേശൻ | 11.05.2017 മുതൽ<br>15.06.2017 വരെ |
| | ശ്രീ.സി.രാജേന്ദ്രൻ | 20.06.2017 മുതൽ<br>30.10.2017വരെ |
| | ശ്രീമതി മീന കുമാരി എൽ.ജിഹെഡ് ക്ലർക്ക് (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 31.10.2017 മുതൽ<br>2.11.2017 വരെ |
| | ശ്രീ.സുധീർ എ. | 3.11.2017 മുതൽ<br>30.11.2017 വരെ |
| | ശ്രീ.രഞ്ജിത്ത് എം.എസ്. | 4.12.2017 മുതൽ<br>31.03.2018 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി പ്രീതി | 01.04.2017 മുതൽ<br>31.03.2018 വരെ |

ഡി) <u>ഉള്ളടക്കം</u>

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|

| ഭാഗം 1 പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് |
| 2-2 | ഡി & ഒ ലൈസൻസ് - ഫീസ് ഈടാക്കുന്നതിൽ അപാകത |
| 2-3 | കെ.എസ്.ഇ.ബി.യിൽ നിന്നും വാടക ഈടാക്കാൻ നടപടികൾ സ്വീകരിക്കണം |
| 2-4 | കെട്ടിടനിർമ്മാണ അനുമതി നൽകൽ-അപാകതകൾ |
| 2-5 | ഇ-ടെണ്ടർ - ടെണ്ടർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല |
| 3-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക നാളിതുവരെ ഉപയോഗപ്പെടുത്തിയില്ല |
| 3-3 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജ്ജിതാവധി - അധികം തുക കൈപ്പറ്റി |
| 3-4 | ജീവനക്കാരുടെ എസ്.എൽ.ഐ. പ്രതിമാസ പ്രീമിയം തുക - ഈടാക്കുന്നതിൽ കുറവ് |

| | |
|---|---|
| 3-5 | ലൈബ്രറി സെസ്, VAT ഇനങ്ങളിൽ ലഭിച്ച തുക സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല |
| 3-6 | സമ്പൂർണ്ണ വൈദ്യുതീകരണം-ഉടർവിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| 3-7 | വാട്ടർ അതോറിറ്റി നിക്ഷേപപ്രവൃത്തി-ചെലവഴിയ്ക്കാതെ അവശേഷിയ്ക്കുന്ന തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കണം |
| 3-8 | സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ പ്രോജക്ട് നിർവ്വഹണം നടത്തി |
| 3-9 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ ലഭിച്ചിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-10 | ഭവനനിർമ്മാണം പൂർത്തിയായില്ല |
| 3-11 | ചെറിയ ചെയിനേജുകളിൽ മാത്രം പ്രവൃത്തി ഒതുങ്ങുന്നു |
| 3-12 | കയർ ഭൂവസ്ത്രനിർമ്മാണം-പാഴ്ച്ചെലവ് സംബന്ധിച്ച് |
| 3-13 | മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല |
| 3-14 | ആശ്രയ പ്രോജക്ട്-അവലോകനം |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017 -18 വർഷത്തെ ബജറ്റ് 30.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 1,40,06,595 | 2,08,99,611 |
| വരവ് | 4,53,33,624 | 5,44,59,747 |
| ആകെ | 5,93,40,219 | 7,53,59,358 |
| ചെലവ് | 4,37,89,693 | 6,48,54,302 |
| നീക്കിയിരിപ്പ് | 1,55,50,526 | 1,05,05,056 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകുംവിധം പുതിയ നികുതി നിർദ്ദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികമായതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തികൾക്കുള്ള ചെലവിനെയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം. എന്നാൽ ഇപ്രകാരം പഞ്ചായത്തിന്റെ വാർഷിക ബജറ്റ് പുതുക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.7.2018 | 8.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 20.6.18 – 21.6.18 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 3.7.18ലെ കെ.എസ്.എ-കെ.ടി.എം.പി.10/1214/18 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,08,99,611 |
| വരവ് | 5,44,59,747 |
| ആകെ | 7,53,59,358 |
| ചെലവ് | 6,48,54,302 |
| നീക്കിയിരിപ്പ് | 1,05,05,056 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,46,20,000 | 1,46,20,000 | 1,09,25,147 | 36,94,853 | 74.72 |
| വികസനഫണ്ട് എസ്.സി.പി. | 0 | 71,68,620 | 71,68,620 | 51,17,512 | 20,51,108 | 71.38 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,998 | 2,998 | 0 | 2,998 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 84,72,000 | 84,72,000 | 59,85,828 | 24,86,172 | 70.65 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 32,05,000 | 32,05,000 | 25,22,068 | 6,82,932 | 78.69 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,18,59,370 | 1,18,59,370 | 34,76,397 | 83,82,973 | 29.31 |
| കെ.എൽ.എസ്.ജി.ഡി.പി | - | 34,67,103 | 34,67,103 | 29,04,971 | 5,62,132 | 83.78 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 1,48,79,579 | 85,84,524 | 2,34,64,103 | 2,13,08,023 | 21,56,080 | 36.59 |
| MGNREGS | 1,173 | 77,24,031 | 77,25,204 | 77,21,471 | 3,733 | 99.95 |
| ബി ഫണ്ട് | ---- | 3,66,43,800 | 3,66,43,800 | 3,66,43,800 | 0 | 100 |
| സാക്ഷരത | 0 | 2,69,900 | 2,69,900 | 2,43,250 | 26,650 | 90.12 |

| | | | | | | |
|---|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 0 | 3,89,600 | 3,89,600 | 1,84,548 | 2,05,052 | 52.63 |
| സംയുക്തപ്രോജക്ടുകൾ | 0 | 18,00,000 | 18,00,000 | 2,82,622 | 15,17,378 | 15.70 |

## 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9.1.2017ലെ സർക്കാർ ഉത്തരവ് (എം.എസ്) 10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട് )പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 5-2017 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28.2.18ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരവും, ജില്ലാ ആസൂത്രണസമിതിയുടെ 490/17/DPC/DPO/KTM തീയതി 24.2.2018 നമ്പർ പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു.

ആകെ അടങ്കൽ 6,82,96,292 രൂപ

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും.

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | ഉത്പാദനം | 19 | 13 | 1,26,47,260 | 47,89,253 | 37.86 |
| 2 | സേവനം | 53 | 40 | 2,10,02,936 | 1,35,00,885 | 37.73 |
| 3 | പശ്ചാത്തലം | 137 | 70 | 3,43,46,096 | 1,48,82,295 | 42.96 |
| 4 | ആകെ | 209 | 123 | 6,82,96,292 | 3,31,71,542 | |

ആകെ 123 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. അംഗീകാരം ലഭിച്ച 86 പ്രോജക്ടുകൾ ഉപേക്ഷിച്ചു. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും അംഗീകാരം ലഭിച്ച 209 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 12 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 5 | 4 | 52,87,000 | 16,45,000 | 31.44 |
| 2. | വെറ്ററിനറി സർജൻ | 4 | 3 | 41,91,600 | 13,86,840 | 33.08 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 2 | 2 | 4,75,000 | 4,75,000 | 100 |
| 4. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 50,000 | 50,000 | 100 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 2,10,000 | 2,04,480 | 97.37 |
| 6. | വി.ഇ.ഒ. | 8 | 8 | 57,30,000 | 42,96,500 | 74.98 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 5 | 4 | 47,39,800 | 36,15,679 | 76.28 |
| 8. | സെക്രട്ടറി | 27 | 17 | 79,87,966 | 37,72,042 | 47.22 |
| 9. | അസിസ്റ്റന്റ് എഞ്ചിനീയർ | 145 | 74 | 3,57,25,926 | 1,57,37,808 | 44.05 |
| 10. | അസിസ്റ്റന്റ് സെക്രട്ടറി | 6 | 4 | 20,99,000 | 7,90,378 | 37.65 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 18,00,000 | 11,97,815 | 67 |
| | ആകെ | 209 | 123 | 6,82,96,292 | 3,31,71,542 | 48.57 |

കാർഷികമേഖലയിൽ നെൽവിത്ത് സബ്സിഡി, വളം സബ്സിഡി തുടങ്ങിയവയാണ് കൃഷിഓഫീസർ നടപ്പിലാക്കിയത്. പ്രോജക്ടുകൾ കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായി. എന്നാൽ കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുവെന്നുള്ളത് ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നേട്ടമാണ്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കുന്നുണ്ട്.

പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി വീടുകളുടെ ഗുണമേന്മാ വർദ്ധനവ്, വീട് നിർമ്മാണം എന്നീ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും, മഴവെള്ളസംഭരണി തുടങ്ങി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും വി.ഇ.ഒ യാണ് നിർവഹിച്ചത്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി പൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ

മെയിന്റനൻസിന് 4 പ്രോജക്ടുകൾ വയ്ക്കുകയും ചെയ്തു. എന്നാൽ സ്പിൽ ഓവറായ മഠത്തിനാൽചിറ അങ്കണവാടികെട്ടിടനിർമാണം എന്ന പ്രോജക്ട് പൂർത്തിയാക്കുക മാത്രമാണുണ്ടായത്. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 25 അങ്കണവാടികളിൽ 11 എണ്ണം വാടകക്കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാവുന്നുണ്ട്.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. പ്രോജക്ട് നിർവ്വഹണവും മോണിട്ടറിംഗും ഫലപ്രദമായിരുന്നില്ല.

പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളും, ആശ്രയ ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടുകളുമുൾപ്പെടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ചത്. ടി പ്രോജക്ടുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്.

<u>പൊതു മരാമത്ത് പ്രവർത്തികൾ- ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പോരായ്മകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം 162എ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) <u>പദ്ധതികൾ പൂർത്തീകരിക്കുന്നില്ല</u>

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 145 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 75 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. പദ്ധതി രൂപീകരണം മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള ഘട്ടങ്ങളിൽ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. ആകെ 3,57,25,926/-രൂപ വകയിരുത്തിയെങ്കിലും 1,57,37,808 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (44 %). സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പുതിയ പ്രവർത്തികളേറെയും നവംബർ, ഡിസംബർ, ജനവരി മാസങ്ങളിൽ മാത്രമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

2) <u>ചുമതലകളുടെ നിർവ്വഹണത്തിൽ ശ്രദ്ധിക്കണം</u>

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 145 പ്രവർത്തികളിൽ നൂറോളം പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. തൻ വർഷം തുക വകയിരുത്തിയെങ്കിലും നടപ്പിലാക്കാത്ത 59 പദ്ധതികളിൽ അങ്കണവാടി നം.16, 7 ഇവയുടെ അറ്റകുറ്റപ്പണി, വൃദ്ധർക്ക് പകൽവീട്, ശ്മശാന നവീകരണം എന്നിവ ഉൾപ്പെടുന്നുണ്ട്. പഞ്ചായത്ത് അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട ഇത്തരം പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തിയതിന് ശേഷം നടപ്പിലാക്കാതെ പാഴാക്കുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

3) <u>പദ്ധതി രൂപീകരണത്തിൽ ഗ്രാമ സഭാ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിക്കണം</u>

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമ സഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ

സഭയിലാണ്. ഗ്രാമ സഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല. (അങ്കണവാടിയോട് ചേർന്ന് വയോജനക്ലബ് രൂപികരിയ്ക്കുക, 169-)ാം നമ്പർ അങ്കണവാടിയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിയ്ക്കുക എന്നിവ.)

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുണ്ട്.

## 1-7 തൊഴിലുറപ്പപദ്ധതി

തൊഴിലുറപ്പുമായി പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 271 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 113 പ്രോജക്ടുകളിൽ 102 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 25108 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 757 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തരിശുനിലങ്ങൾ കൃഷിക്ക് ഒരുക്കൽ, റോഡ് കോൺക്രീറ്റിംഗ്, കിണർ റീച്ചാർജിംഗ്, കയർ ഭൂവസ്ത്രം വിരിയ്ക്കൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം എസ്.ബി.പായിപ്പാട് അക്കൗണ്ട് നം.67061060325 മുഖേനയാണ് നടത്തുന്നത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1,173 | 6,11,011 | 6,12,184 | 6,08,451 | 3,733 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 71,13,020 | 71,13,020 | 71,13,020 | 0 |
| | | 77,24,031 | 77,25,204 | 77,21,471 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 29 | 17,400 |
| കർഷകതൊഴിലാളി പെൻഷൻ | 685 | 81,68,200 |
| വിധവാപെൻഷൻ | 762 | 83,30,800 |
| വാർദ്ധക്യകാലപെൻഷൻ | 1342 | 1,62,33,500 |
| വികലാംഗപെൻഷൻ | 252 | 26,98,000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 23 | 276400 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2018 തീയതിയിൽ 3 പി.എം.-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 16,478 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൂർണ്ണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. പായിപ്പാട് ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

.മാനുവൽ രസീത്- ഉപരിപരിശോധന കാര്യക്ഷമമല്ല.

- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.
- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.
- കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായിമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

  വരവുചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല.
- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്.മായി പൊരുത്തപ്പെടുന്നില്ല.
- വാടകയിനത്തിൽ കുടിശ്ശിക നില നിൽക്കുന്നുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായിസ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
- നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്താതെ നികുതി ലഭിക്കുമെന്ന പ്രതീക്ഷയിൽ പഞ്ചായത്ത് മുന്നോട്ടുപോകുന്നു.
- നികുതി പിരിവിനെ സംബന്ധിച്ച് യാതൊരുവിധ ടെൻഡ് അനാലിസിസും പഞ്ചായത്ത് നടത്തുന്നില്ല. സ്റ്റോർ പർച്ചേസ് മാനുവലിലെ നിർദേശങ്ങൾ പാലിക്കുന്നില്ല.

  ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

  1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കുന്നില്ല എന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. തുടർവർഷങ്ങളിൽ മേൽസൂചിത ചട്ടം പാലിച്ച് ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 11.10.2018 | 09/2018 | 6/2018 വരെയുള്ള |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | റിപ്പോർട്ട് ലഭിച്ച |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.03.2016-18.03.2016 | 2014-15 | LBA(HQ)28A-2418 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) RP40(b) പ്രകാരം എസ്ബിഐ ഇ-പെയ്മെന്റ് പ്രകാരമുള്ള ബാലൻസ് 16,81,495/- ആണ്. എന്നാൽ എസ്ബിഐ ഇ-പെയ്മെന്റ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് 16,75,287/- രൂപയാണ്. ബാങ്ക്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും (1681495) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ 6,208/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ടി വ്യത്യാസം വിശദീകരിക്കുവാൻ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല.

2) വിവിധ അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ളതും കാലഹരണപ്പെട്ടതുമായ ചുവടെ ചേർക്കുന്ന ചെക്കുകൾ 31.03.2018-ൽ പണമാക്കാത്ത ചെക്കുകളായിട്ടാണ് പൊരുത്തപ്പെടുത്തൽ പത്രികയിൽ ചേർത്തിട്ടുള്ളത്. ആയത് Liability in respect of stale cheque എന്ന ശീർഷകത്തിൽ (350800101) അക്കൗണ്ട് ചെയ്തിട്ടില്ല.

| ബാങ്ക്/ട്രഷറി | ചെക്ക് നം./തീയതി | തുക |
|---|---|---|
| റ്റിഎസ്ബി | 9888688/19.08.17 | 32,923 |
| | 685287/19.08.17 | 69,420 |
| | 685288/19.08.17 | 30,000 |
| പായിപ്പാട് SCB | 12413/02.09.17 | 280 |
| | 12405/29.08.17 | 1,210 |

3) ബി-11 ഷെഡ്യൂൾ പ്രകാരം സ്ട്രീറ്റ്ലൈറ്റ് ഡിപ്രീസിയേഷൻ കണക്കാക്കിയത് ജി.ഒ.(എംഎസ്)212/12/ തസ്വഭവ/06.08.12 പ്രകാരമല്ല.

4) ഡെപ്പോസിറ്റ് വർക്കുകൾക്കു വേണ്ടി നൽകിയ തുകകൾ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിനുമുൻപ് ആസ്തിയായി ക്രമീകരിച്ചു.

ഉദാ:- 2016-17 ബി-18 ഷെഡ്യൂൾ പ്രകാരം

Deposit with KWA - 68,99,927 രൂപയും

Deposit with KSEB -27,68,967 രൂപയുമാണ്.

എന്നാൽ ടി ഡെപ്പോസിറ്റ് വർക്കുകൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാതെ ആയവ ആസ്തിയിലേക്ക് മാറ്റി ക്രമീകരിച്ചിട്ടുണ്ട്. ആയതിനാൽ (തൻവർഷ CBയിൽ) 2017-18 ബി-18 ഷെഡ്യൂളിൽ ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

5) ബി-15 ഷെഡ്യൂൾ പ്രകാരം State Govt.cases/levies in property tax – control account പ്രകാരമുള്ള തുക വസ്തുനികുതി ബാലൻസ് തുകയ്ക്ക് അനുസൃതമായിട്ടുള്ളതല്ല.

ബി-15 ഷെഡ്യൂൾ പ്രകാരം വിവിധ വസ്തുനികുതി ശീർഷകങ്ങളിൽ ആകെ ബാലൻസ് 31,08,806/- രൂപയാണ്. ആയത് പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ വരേണ്ടത് 1,48,038/- രൂപയാണ് (3108806 x5/105). എന്നാൽ 431916101 എന്ന ശീർഷകത്തിൽ ലയബിലിറ്റി ആയി കാണിച്ചിരിക്കുന്നത് 1,54,458/- രൂപയാണ്. ഇപ്രകാരം 6,419/- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ കൂടുതലായി കാണിച്ചിരിക്കുന്നു.

6) സംയുക്ത പ്രോജക്ടുകൾക്കു വേണ്ടിയുള്ള തുക വസ്തുനികുതിയുടെ ഇ-പേയ്മെന്റ് അക്കൗണ്ടിൽ നിലനിൽക്കുന്നു.

സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതിനാൽ ടിയിനത്തിൽ വന്ന 16,57,050/- രൂപ വസ്തുനികുതി ഇ-പേയ്മെന്റിനു വേണ്ടി തുടങ്ങിയ അക്കൗണ്ടിൽ നിലനിൽക്കുന്നു. പ്രസ്തുത തുകകൾ വർഗ്ഗീകരിച്ചിട്ടില്ല.

7) വസ്തുനികുതി - സഞ്ചയപ്രകാരമുള്ള വരവ് ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8) തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9) സ.ഉ.(എംഎസ്)152/2011/തസ്വഭവ തീയതി 26.07.2011 പ്രകാരം മുൻവർഷത്തെ ഉൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് മൂല്യനിർണ്ണയം നടത്തി ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

10) ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-7 പ്രകാരമുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

11) I-6 പ്രകാരം എൻ.ആർ.ഇ.ജി.എ. വരവ് I14(ജി) പ്രകാരമുള്ള ചെലവും യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1) ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകുന്ന അവസരത്തിൽ അതാതു വർഷത്തെ (രണ്ട് അർദ്ധ വർഷങ്ങളിലെ ഒന്നിച്ച്) സ്ഥാപന നികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഒരു അർദ്ധ വർഷത്തെ നികുതി മാത്രമേ ഈടാക്കിയതായി കാണുന്നുള്ളൂ.

| വാർഡ് നം./കെട്ടിട നം./സ്ഥാപനം | സ്ഥാപന ഉടമയുടെ പേരും വിലാസവും | ഈടാക്കിയ തൊഴിൽ നികുതി (ഒരു അർദ്ധ വർഷം) | ഈടാക്കേണ്ടതായ ബാക്കി തൊഴിൽ നികുതി | റിമാർക്സ് |
|---|---|---|---|---|
| 11/206 B<br>കളേഴ്സ് ഇൻഡ്യ | അഷ്റഫ് കുട്ടി<br>കൊല്ലംപറമ്പിൽ<br>കുറ്റപ്പുഴ | 1250 | 1250 | ഈടാക്കിയിട്ടില്ല |
| 12/185<br>ജി.കെ സ്റ്റീൽ ഇൻഡസ്ട്രീസ് | രാജേഷ് ജെ.ആർ.<br>ചെങ്കിലത്ത്<br>നാലുകോടി | 1250 | 1250 | ഈടാക്കിയിട്ടില്ല |
| 3/405 A<br>ഡി.ഡി ബ്രിക്സ് | ഡെന്നിസ് ദേവസ്യ<br>കുറുക്കൻകുഴി<br>നാലുകോടി | 1250 | 1250 | ഈടാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 10/442 B<br>അർപ്പിത ഡെന്റൽ കെയർ, ഓർത്തോ ഡോൺഡിക് സെന്റർ | വിവേക് പി.എസ്.<br>പാറയിൽ ഗ്രീൻവില്ല<br>പി.സി.കവല | 1250 | 1250 | ഈടാക്കിയിട്ടില്ല |
| 10/442<br>അർപ്പിത മെഡികെയർ | ഷാജി പി.റ്റി.<br>പാറയിൽ ഗ്രീൻവില്ല<br>പി.സി.കവല | 1250 | 1250 | ഈടാക്കിയിട്ടില്ല |
| 11/287<br>മൈക്രോലാബ് | മിന്നു എസ്.രാജീവ്<br>മറ്റത്തിൽ ഹൗസ്<br>നാട്ടകം | 1250 | 1250 | ഈടാക്കിയിട്ടില്ല |
| 14/219<br>ഫാ.ബിജു തെക്കേക്കുറ്റ്<br>സി.എം.ജെ ഡയറക്ടർ | സെന്റ് റീത്താസ് ഹോസ്പിറ്റൽ നാലുകോടി | 1250 | 1250 | - |
| 3/244<br>സെന്റ് തോമസ്<br>സോമിൽ | ദേവദാസ് ഫ്രാൻസിസ്<br>ദീതാലയം,<br>നാലുകോടി | 1250 | 1250 | ഈടാക്കിയിട്ടില്ല |
| XI/425<br>ജനമിത്ര മെഡിക്കൽസ് | നൈജു ഗോപൻ<br>നാലുതടിയിൽ<br>വേലൂർ | 1000 | 1000 | ഈടാക്കിയിട്ടില്ല |
| X/177<br>ഡയാലാബ് ലബോറട്ടറീസ് | ഷാമ സിറാജ്,<br>ഷാമാസ് പൂമല,<br>സുൽത്താൻ ബത്തേരി | 1000 | 1000 | ഈടാക്കിയിട്ടില്ല |
| XII/219, XIII/396E<br>സ്റ്റെല്ലാർ ഡയനോസ്റ്റിക്സ് | റോസമ്മ ബിനോജ് | 1000<br>1000 | 1000<br>1000 | ഈടാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | അച്ചോതിൽ<br>നാലുകോടി | | | |
| XI/168<br>സലിം മീറ്റ് സ്റ്റാൾ | സി.എസ്.മുഹമ്മദ് സലിം<br>ചന്ദനപ്പറമ്പിൽ | 750 | 750 | ഈടാക്കിയിട്ടില്ല |
| XI/336<br>പി.എം.എം & സൺസ് മത്സ്യ വ്യാപാരം | ഷാജഹാൻ പി.എം.<br>പുതുപറമ്പിൽ<br>പി.സി കവല | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2500 | ഈടാക്കിയിട്ടില്ല |

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഇടാക്കാനുള്ള സ്ഥാപനനികുതിയും ജീവനക്കാരുടെ വരുമാനത്തിനനുസൃതമായി അവരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

2) ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| സ്ഥാപനം | ജീവനക്കാരന്റെ വിവരം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടതായ നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| ഗവ.എച്ച്.എസ്.എസ്<br>പായിപ്പാട് | നസറുദ്ദീൻ കുഞ്ഞി<br>(OA) | 1,74,768<br>(I half) | 1,250 | 1,000 | 250 |
| | നൗഷാദ് ബീഗം<br>(FTM) | 1,74,768<br>(I half) | 1,250 | 1,000 | 250 |

തൊഴിൽനികുതിയിനത്തിൽ കുറവ് വന്ന 500 രൂപ ഈടാക്കേണ്ടതാണ്.

3) ട്രാവൻകൂർ എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിലെ എല്ലാ ജീവനക്കാരെയും സെയിൽസ്മാൻ എന്ന് രേഖപ്പെടുത്തി തൊഴിൽനികുതി 450 രൂപ വീതം മാത്രം ഈടാക്കിയിരിക്കുന്നു. ടി സ്ഥാപനത്തിന്റെ സ്ഥാപനനികുതി ഈടാക്കിയതായും കാണുന്നില്ല.

4) മാവേലി സ്റ്റോറുകൾ, റേഷൻ ഷോപ്പുകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി, സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് 3.11.2018ൽ നൽകിയ 12-ാം നമ്പർ തടസ്സപത്രികയ്ക്ക് പരാമർശിത വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കത്ത് നൽകി തുക ഈടാക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് - ഫീസ് ഈടാക്കുന്നതിൽ അപാകത

1) ഒരേ ഇനത്തിൽ പെട്ട വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ അല്ലാതെ ലൈസൻസ് ഫീസും മറ്റ് ഫീസുകളും ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ.

| അപേക്ഷ ലഭിച്ച തീയതി | സ്ഥാപന ഉടമയുടെ പേരും വിലാസവും | വാർഡ്/കെട്ടിട നം./സ്ഥാപനം | വിറ്റുവരവ് (അപേക്ഷ, രജിസ്റ്റർ എന്നിവ പ്രകാരം) | ഈടാക്കിയ ഡി & ഒ ഫീസ്, തൊഴിൽ നികുതി, മെഷീൻഫീ, ലേറ്റ് ഫീ |
|---|---|---|---|---|
| 30.03.17 | മാർഗരറ്റ് ഫ്രാൻസിസ്, നല്ലൂർ വീട്, നാലുകോടി | IV/ 400 അച്ചൂസ് ക്വാളിറ്റി സിമന്റ് ബ്രിക്സ് | 1000 | ഡി & ഒ1000 തൊ.നി. 1250 മെ.ഫീ - ഇല്ല ലേ.ഫീ-250 |
| 21.03.17 | ആന്റണി തോമസ്, കുടത്തേട്ട് ഹൗസ്, നാലുകോടി | IV / 366 സെന്റ് ആന്റണി ഹോളോബ്രിക്സ് | 3000 | ഡി & ഒ500 തൊ.നി.1250 മെ.ഫീ - ഇല്ല ലേ.ഫീ- 125 |
| 30.03.17 | വിനോദ് എൻ., അംബരത്തിൽ, പി.സി.കവല | VII/ 229A RGB ഹോളോബ്രിക്സ് | 500 | ഡി & ഒ - 200 തൊഴിൽനികുതി - 600 മെ.ഫീ - 100 ലേ.ഫീ- ഇല്ല |

2) താമസിച്ച് അപേക്ഷ സമർപ്പിച്ച ചില സ്ഥാപന ഉടമകളിൽ നിന്നും അധിക ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും മറ്റ് ചില സ്ഥാപന ഉടമകളിൽ നിന്നും അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

| അപേക്ഷ ലഭിച്ച തീയതി | സ്ഥാപന ഉടമയുടെ പേരും വിലാസവും | വാർഡ്/കെട്ടിട നം./സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട അധിക ഫീസ് 25 % |
|---|---|---|---|---|
| 22.03.17 | കെ.എസ്.സെബാസ്റ്റ്യൻ, മലയിൽകാലായിൽ, നാലുകോടി | II/42/ E സെന്റ് തോമസ് ഹോട്ടൽ | 300 | 75 |
| 21.04.17 | മാത്യു ആന്റണി, ഉലക്കപ്പടിയിൽ പി.സി കവല | IV/415 C റ്റി.ബി.എം മാർക്കറ്റിംഗ് | 300 | 75 |
| 27.04.17 | ജിയാസ് അഷ്റഫ് കൊല്ലം പറമ്പിൽ കുറ്റപ്പുഴ | X/110,111,112 RAC ഇലക്ട്രിക്കൽസ് | 500 | 125 |

| | | | | |
|---|---|---|---|---|
| 27.04.17 | അഷ്റഫ് കുട്ടി<br>കൊല്ലം പറമ്പിൽ<br>കുറ്റപ്പുഴ | X/100<br>മസ്കറ്റ് ഗോൾഡ് ജ്യൂവല്ലറി | 1000 | 250 |
| 07.06.17 | രാജമ്മ കെ.എൻ.<br>മാന്നാറുപറമ്പിൽ<br>പി.സി.കവല | X/470<br>അർജ്ജുൻ ഫ്യുവൽ സ്റ്റേഷൻ | 2000 | 500 |
| 16.05.17 | മുഹമ്മദ് ഷെഫീക്ക്<br>എ.എസ്.ഷാജി മൻസിൽ<br>ലത ജി.നായർ<br>പൗർണമി, മല്ലപ്പള്ളി | X/423<br>പൗർണമി ഫ്യുവൽസ് | 2000 | 500 |

സാമ്പത്തിക വർഷം ആരംഭിക്കുന്നതിന 30 ദിവസം മുൻപ് ലൈസൻസ് എടുക്കേണ്ടതാണെന്ന വിവരം സ്ഥാപന ഉടമകളെ അറിയിക്കേണ്ടതാണ്. തുടർവർഷങ്ങളിൽ മേൽ പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 കെ.എസ്.ഇ.ബി.യിൽ നിന്നും വാടക ഈടാക്കാൻ നടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാർഡ് 10ലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ 415 എ നം. മുറിയുടെ വാടകയിനത്തിൽ കുടിശ്ശിക 18,912 രൂപയും 2017-18 വർഷം 6,948 രൂപയും ഉൾപ്പെടെ ആകെ 25,860 രൂപയും പഞ്ചായത്തിന് ലഭിക്കാനുണ്ട്. 2017-18ൽ 579 രൂപ വീതമാണ് മാസവാടക ഡിമാന്റ് ചെയ്തിരിക്കുന്നത്. വാടക സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ടി മുറി 2014-15 മുതൽ കെ.എസ്.ഇ.ബി.യ്ക്ക് സബ് സെന്ററായി പ്രവർത്തിക്കുന്നതിന് നൽകിയിട്ടുള്ളതാണെന്ന് കാണുന്നു. എന്നാൽ ഇത് സംബന്ധിച്ചിട്ടുള്ള കൃത്യമായ രേഖകളോ, കരാർ ചമച്ച രേഖകളോ ഫയലില്ല. 2014-15 മുതലുള്ള വാടക കുടിശികയും, പിഴയും അടയ്ക്കുന്നതിനായി 2015 ഡിസംബർ മുതൽ പഞ്ചായത്ത് പല തവണ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. 19.03.18 ൽ നൽകിയ A5-1300/18 -ാം നമ്പർ കത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ, കെ.എസ്.ഇ.ബി. തിരുവല്ല, DB-4/ESDTVLA/THIRUVALLA/2018-19/175 dtd 17.10.18 പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി. സ്വകാര്യ വ്യക്തിയുടെ വാടകമുറിയിൽ പ്രവർത്തിച്ചിരുന്നതാണെന്നും മുറി ഒഴിഞ്ഞ് കൊടുത്തതിനെ തുടർന്ന് ജനപ്രതിനിധികൾ, കെ.എസ്.ഇ.ബി.യുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം സബ്സെന്ററിന്റെ പ്രവർത്തനം പഞ്ചായത്ത് വക മുറിയിലേക്ക് മാറ്റിയതെന്നും ഇതിനായി പഞ്ചായത്തധികൃതർ അപേക്ഷിച്ചിരുന്നതായും മറുപടിയിൽ പറഞ്ഞിരിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട കരാർ ഉടമ്പടി ഉൾപ്പെടെയുള്ള രേഖകളൊന്നും തന്നെ പഞ്ചായത്തിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ ഇല്ലായെങ്കിൽ കരാർ ചമച്ച് കെ.എസ്.ഇ.ബി.യിൽ നിന്നും കുടിശ്ശിക സഹിതമുള്ള വാടക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കെട്ടിടനിർമ്മാണ അനുമതി നൽകൽ-അപാകതകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നത് എങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട

കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. പ്രത്യേകിച്ച്, ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കും നമ്പർ നൽകി നികുതി നിർണ്ണയിച്ച് നൽകുന്ന സംഗതികളിൽ തുടർ നിരീക്ഷണം ആവശ്യമാണ്.

കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ,നിർമ്മാണ പൂർത്തീകരണം, ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് പരിപാലിക്കുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>അനധികൃതനിർമ്മാണം/അനുമതിയില്ലാത്ത നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല.</u>

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല. അനധികൃത നിർമ്മാണം കണ്ടെത്തി നിയന്ത്രിക്കുന്നതിന് ശക്തമായ ഉദ്യോഗസ്ഥ/ഭരണ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ഫീൽഡ് ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി സ്റ്റോപ്പ് മെമ്മോ നല്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 <u>ഇ-ടെണ്ടർ- ടെണ്ടർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചില്ല</u>

2017-18 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കും പ്രകാരമുള്ള പ്രോജക്ടുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചു.

| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | ടെണ്ടർ ഫീസ് | ടെണ്ടറുകളുടെ എണ്ണം |
|---|---|---|
| 129/17 ഐരുമുണ്ടകം വെളിയാംപറമ്പ് റോഡ് സംരക്ഷണം | 1000+GST | 2 |
| 54/17 എ.സി.കോളനി റോഡ് കോൺക്രീറ്റിംഗ് | 1100+GST | 1 |
| 139/17 ശ്മശാനത്തിലേയ്ക്കുള്ള വഴി കോൺക്രീറ്റിംഗ് | 1500+GST | 1 |
| 132/17 ചായക്കരൻ കുളത്തിന് സംരക്ഷണഭിത്തി | 1400+GST | 2 |
| 131/17 വലവൻചിറ കുളത്തിന് സംരക്ഷണ ഭിത്തി | 1400+GST | 2 |
| 121/17 ജൈവമാലിന്യ സംസ്കരണ പ്ലാന്റ് | 2500+GST | 1 |
| 135/17 വൃദ്ധർക്ക് പകൽവീട് | 3300+GST | 2 |
| 237/17 പായിപ്പാട് ഗവ യു.പി.എസ് സംരക്ഷണ ഭിത്തി | 1600+GST | 1 |
| 223/17 കടുത്തനാട്ടു മേടയിൽ കോയിക്കാരൻ റോഡ് സംരക്ഷണഭിത്തി | 1550+GST | 1 |
| 245/17 അറുന്നൂറിൽ പുതുവേൽ റോഡിന് സംരക്ഷണഭിത്തി | 1500+GST | 1 |

അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ മേൽസൂചിത പ്രോജക്ടുകളുടെ ടെണ്ടർഫീ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

13.1.2010 ലെ സർക്കുലർ നമ്പർ 58608 / ഡി.ബി 2/2009 ത.സ്വ.ഭ.വ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ്നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകളിൽ നാളിതുവരെയുള്ള വിവരങ്ങൾ ചേർത്ത് പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

### 3-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക നാളിതു വരെ ഉപയോഗപ്പെടുത്തിയില്ല

വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമാണ് ഫണ്ടുകൾ ലഭിച്ചിരിക്കുന്നത്. ഇരു വിഭാഗം ഫണ്ടുകളുടെയും കാര്യത്തിൽ സമയബന്ധിതമായ വിനിയോഗം നടന്നില്ല എന്നതിനൊപ്പം തദ്ദേശ സ്ഥാപന ധനസഹായത്തിന്റെ കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി | 24.08.2017 | 3,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,92,622 | 17,378 |
| ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി | 28.08.2017 | 7,00,000 | വയോജനങ്ങൾക്ക് പകൽ വീട് | ---- | 7,00,000 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 11.01.2018 | 8,00,000 | നെൽകർഷകർക്ക് പെട്ടിയും പറയും | ---- | 8,00,000 |

13-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രോജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ പി7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

1) സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകമായി ഒരു സ്പെഷൽ ടി എസ് ബി അക്കൗണ്ട് തുടങ്ങേണ്ടതും ഇതിൽ സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമാകുന്ന തുകകൾ മാത്രം നിക്ഷേപിക്കേണ്ടതുമാണ്

2) അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 15,17,378/- രൂപ അടിയന്തിരമായി സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്. പ്രോജക്ട് നിർവ്വഹണത്തിനായി തുക ബാധ്യതപ്പെട്ടെങ്കിൽ തുക സറണ്ടർ ചെയ്യാതെ ഉപയോഗപ്പെടുത്തുന്നതിന് സർക്കാരിന്റെ അനുമതി വാങ്ങി ഉപയോഗപ്പെടുത്താവുന്നതാണ്.

### 3-3 ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജ്ജിതാവധി - അധികം തുക കൈപ്പറ്റി

കെ.എസ്.ആർ., ഭാഗം1 - അനുബന്ധം 8, ചട്ടം 1 പ്രകാരം കരാർ ജീവനക്കാർക്ക് 15 ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 ആർജ്ജിതാവധിയ്ക്കാണ് അർഹത. എന്നാൽ, 02.03.2016 മുതൽ ഗ്രാമപഞ്ചായത്തിൽ ടെക്നിക്കൽ അസിസ്റ്റന്റായി സേവനം അനുഷ്ഠിച്ച് വരുന്ന ശ്രീ.ജോസഫ് അന്റണിക്ക് 2016-17 വർഷം വൗച്ചർ നം.21600880/31.03.17 പ്രകാരം 15 ദിവസവും 2017-18 വർഷം വൗച്ചർ നം.21700893/19.03.18 പ്രകാരം 20 ദിവസവും ലീവ് സറണ്ടർ അനുവദിച്ച് തുക മാറി നല്കിയിട്ടുണ്ട്. അധിക അവധി സറണ്ടർ ചെയ്യുവാനുള്ള സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/1.11.2018) ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവിൽ കരാർ ജീവനക്കാർ ഒരു വർഷം സമ്പാദിക്കുന്ന ആർജ്ജിതാവധി 15 ൽ കൂടുതലാണെന്ന് പ്രതിപാദിക്കുന്നില്ല. ആയതിനാൽ, 02.03.2016 ൽ സേവനത്തിൽ പ്രവേശിച്ച ടിയാളിന് 31.03.2018 വരെ 30 ദിവസത്തെ ആർജ്ജിതാവധി മാത്രമേ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയുള്ളൂ. എന്നാൽ, ടിയാൾ മേൽ കാലയളവിനുള്ളിൽ 35 ദിവസം ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ട്. കൂടാതെ, ടിയാളുടെ നിയമനവുമായി ബന്ധപ്പെട്ട് സേവന പുസ്തകം / പേഴ്സണൽ ഫയൽ ഓഫീസിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ ടിയാളുടെ ലീവ് അക്കൗണ്ട് ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ടിയാളുടെ സേവനപുസ്തകം സൂക്ഷിക്കേണ്ടതും ലീവ് അക്കൗണ്ട് കൃത്യമാക്കേണ്ടതുമാണ്. അധികമായി സറണ്ടർ ചെയ്ത ആർജ്ജിതാവധി ശമ്പളം തിരികെ ഈടാക്കേണ്ടതുമാണ്.

## 3-4 ജീവനക്കാരുടെ എസ്.എൽ.ഐ പ്രതിമാസ പ്രീമിയം തുക - ഈടാക്കുന്നതിൽ കുറവ്

ജി.ഒ.(പി)149/16 ഫിൻ, തീയതി 04.10.2016 നം. ഉത്തരവ് പ്രകാരം 01.01.2017 മുതൽ ശമ്പള സ്കെയിലിന് അനുസൃതമായി എസ്.എൽ.ഐ പ്രതിമാസ പ്രീമിയം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം 35700-55349 പരിധിയിൽ അടിസ്ഥാന ശമ്പളം കൈപ്പറ്റുന്ന ജീവനക്കാർ പ്രീമിയമായി 500/- രൂപയും 18000 – 35699 പരിധിയിൽ അടിസ്ഥാന ശമ്പളം കൈപ്പറ്റുന്ന ജീവനക്കാർ പ്രീമിയമായി 300/- രൂപയും ഒടുക്കേണ്ടതുണ്ട് . എന്നാൽ ശമ്പള ബിൽ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന ജീവനക്കാരിൽ നിന്നും ആനുപാതിക പ്രീമിയം തുക ഈടാക്കുന്നതായി കാണുന്നില്ല.

| ജീവനക്കാരന്റെ പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ഒടുക്കേണ്ട കുറഞ്ഞ തുക | ഒടുക്കിയ തുക |
|---|---|---|---|
| മിനി മുരളി, സെക്രട്ടറി | 48,000 | 500 | 250 |
| റാഷിം ആർ., സീനിയർ ക്ലാർക്ക് | 27,150 | 300 | 200 |
| ബിജോയ് വി.എസ്., സീനിയർ ക്ലാർക്ക് | 26,500 | 300 | 250 |
| റമീസ് രാജാ, ക്ലാർക്ക് | 20,000 | 300 | 200 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (4/1.11.2018) മറുപടി ലഭിച്ചിട്ടില്ല. എസ്.എൽ.ഐ. പ്രീമിയം കൃത്യമായി റിക്കവറി നടത്തി ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-5 ലൈബ്രറി സെസ്, VAT ഇനങ്ങളിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല

2017-18 വർഷത്തെ വാർഷിക കണക്കിലെ ബി 9 പട്ടിക പ്രകാരം other liabilities എന്ന ശീർഷകത്തിൽ ലൈബ്രറി സെസ്, VAT ഇനങ്ങളിൽ യഥാക്രമം 5,88,845/- രൂപ, 19,302/- രൂപ ലഭിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, ടി തുകകൾ തനത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/07.11.2018) മറുപടി ലഭിച്ചിട്ടില്ല.

വാർഷിക കണക്കിലെ ബി 9 പട്ടിക പ്രകാരം സർക്കാരിലേക്ക് ഒടുക്കാൻ ബാക്കി നിൽക്കുന്ന തുകകൾ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 സമ്പൂർണ്ണ വൈദ്യുതീകരണം- തുടർവിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം. | 28/2018 |
| ഫണ്ട് ഇനം | തനത് ഫണ്ട് |
| വകയിരുത്തിയത് | 1,00,000 |
| ചെലവ് തുക | 1,00,000(ചെക്ക് നം.685297/19.08.2017) |

മേൽ സൂചിത പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. വൈദ്യുതീകരണത്തിനായി തെരഞ്ഞടുത്ത അഞ്ച് ഗുണഭോക്താക്കളുടെ ഭവനം നാളിതുവരെ വൈദ്യുതീകരിച്ചിരുന്നില്ല എന്നു സൂചിപ്പിക്കുന്ന അപേക്ഷ ഫോറങ്ങളും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ട് പ്രകാരം വീട് വൈദ്യുതീകരിച്ചതിന്റെ വിശദാംശങ്ങൾ, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടിനായുള്ള 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 വാട്ടർ അതോറിട്ടി നിക്ഷേപ പ്രവൃത്തി -ചെലവഴിയ്ക്കാതെ അവശേഷിയ്ക്കുന്ന തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കണം

നിർവ്വഹണോദ്യോഗസ്ഥൻ-- സെക്രട്ടറി

വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | ഫണ്ട് ഇനം | വകയിരുത്തിയത് | ചെലവ് തുക (നിക്ഷേപിച്ച തുക) | നിക്ഷേപിച്ചതിൽ കേരള വാട്ടർ അതോറിറ്റി ചെലവഴിച്ചത് | അവശേഷിയ്ക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | ളായിക്കാട് മരങ്ങാട്ടുപിള്ളി പൈപ്പ്ലൈൻ സ്ഥാപിയ്ക്കൽ | 13/18 | തനതു ഫണ്ട് | 5,43,000 | 5,43,000 | 3,36,104 | 2,06,896 |
| 2 | വലിയവീട്ടിൽചിറ നടപ്പാത പൈപ്പ്ലൈൻ സ്ഥാപിയ്ക്കൽ | 12/18 | തനതു ഫണ്ട് | 1,10,000 | 1,10,000 | 45,600 | 64,400 |
| 3 | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് എക്സ്റ്റൻഷൻ | 54/18 | തനതു ഫണ്ട് | 9,00,000 | 9,00,000 | 7,66,726 | 1,33,274 |
| ആകെ തുക | | | | 15,53,000 | 15,53,000 | 11,48,430 | 4,04,570 |

ചെലവഴിയ്ക്കാതെ അവശേഷിയ്ക്കുന്ന 4,04,570 രൂപ തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-8 സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ട് നിർവഹണം നടത്തി

പ്രോജക്ട് നം. -138/18

പ്രോജക്ടിന്റെ പേര് - മഴവെള്ളസംഭരണി സ്ഥാപിക്കൽ

അടങ്കൽ - 1,50,000/-

ചെലവ് - 87,500/-

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം 7 ഗുണഭോക്താക്കൾക്ക് 12,500/- രൂപ വീതം മഴവെള്ളസംഭരണി സ്ഥാപിക്കുന്നതിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്)നം.80/2017 തസ്വഭവ തീ.03.04.2017 പ്രകാരം 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ ഉള്ളവർക്ക് മാത്രമാണ് സബ്സിഡി നൽകാവുന്നത്. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വീടുകളുടെ വിസ്തീർണം പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതലുള്ള വാസഗൃഹങ്ങൾ ഉള്ളവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു. 7 ഗുണഭോക്താക്കളിൽ 5 പേരുടെയും വാസഗൃഹം 100 ച.മീറ്ററിൽ കൂടുതലാണ്. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.10/3.11.2018)യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഈ പ്രോജക്ട് (നം.69/18) പ്രകാരം പി.എച്ച്.സി ക്ക് മരുന്ന് വാങ്ങുന്നതിനായി 1,00,000-/ രൂപ (ബിൽ നം.7/17-18 തീ.20.12.2017, 30,000/-രൂപ, ബിൽ നം.11/17-18, തീ: 23.3.2018, 70,000/-രൂപ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിലില്ല (NAC). നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 ഭവനനിർമ്മാണം പൂർത്തിയായില്ല

പ്രോജക്ട് നം. S0102/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

അടങ്കൽ - 1,60,000/- രൂപ (തനത് ഫണ്ട്)

ചെലവ് - 40,000/- രൂപ (ചെക്ക് നം.610282 തീ. 31.07.2017)

2016-17 വർഷം ആരംഭിക്കുകയും തൻവർഷം സ്പിൽ ഓവർ ആയി തുടരുകയും ചെയ്ത ഈ പ്രോജക്ട് പ്രകാരം ആദ്യ ഗഡുവായി 80,000/- രൂപ (ചെക്ക് നം.685246 തീ.20.3.17)പ്രകാരം 2016-17 വർഷം കെ.ജി.ഉല്ലാസ്, കണ്ണനാട്ടുവീട് എന്ന ഗുണഭോക്താവ് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാൾ വീട് പണി പൂർത്തീകരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം.8) മറുപടിയിൽ ഭവനത്തിന്റെ തുടർപണി നടത്താനാവാത്ത സാഹചര്യമായതിനാൽ തുക തിരിച്ചടയ്ക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് തുക തിരിച്ചടച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-11 ചെറിയ ചെയിനേജുകളിൽ മാത്രം പ്രവൃത്തി ഒതുങ്ങുന്നു

ഗ്രാമപഞ്ചായത്ത് ഒരു റോഡിലെ മുഴുവൻ പ്രവൃത്തികളും ഒരുമിച്ച് നിർവ്വഹിക്കാതെ ചെറിയ ചെയിനേജുകളിലായി പ്രവൃത്തികൾ ആവിഷ്കരിച്ച നടപ്പാക്കുന്ന പ്രവണത ഉള്ളതായി കാണുന്നു. ഇതുകാരണം പ്രവൃത്തികളുടെ എണ്ണം കൂടുന്നതിനും കൃത്യമായ നിർവ്വഹണം സാധ്യമാകാതെയും വരുന്നു. പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടി.എസ്.ലഭ്യമാക്കൽ, ടെണ്ടർ നടപടികൾ സ്വീകരിക്കൽ എന്നീ നടപടികളിൽ കാലതാമസമുണ്ടാവുകയും കൃത്യമായ സൂപ്പർ വിഷൻ നടക്കാതെയും വരുന്നു. കൂടാതെ ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് കാര്യക്ഷമതയുള്ള കരാറുകാരുടെ ടെണ്ടർ പങ്കാളിത്തം കുറയ്ക്കുകയും ആയത് പ്രവത്തിയുടെ ഗുണനിലവാരം കുറക്കുകയും ചെയ്യുന്നു. ഒരു വർഷം ഓരു റോഡിലെ മുഴുവൻ പ്രവത്തികൾക്കുമായി പ്രോജക്ട് രൂപീകരിക്കാതെ ചെറിയ ചെയിനേജുകളിലായി പ്രവൃത്തി നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും വന്ന മേൽ അപാകതകൾ ഉത്തരവാദപ്പെട്ട വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-12 കയർ ഭൂവസ്ത്രനിർമ്മാണം-പാഴ്ചെലവ് സംബന്ധിച്ച്

എ) ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരം കയർ ഭൂവസ്ത്രം സ്ഥാപിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രോജക്ടുകൾ | 17 |
| പ്രവൃത്തി നടത്തിയ വാർഡുകൾ | 10 |
| കയർ ഭൂവസ്ത്രം വാങ്ങിയത് | 36,149 ച.മീ.@65 - Rs-23,49,685 |
| മുളയാണി വാങ്ങിയത് | Rs- 1,14,500 |
| കൂലിയിനത്തിൽ ചെലവായത് | Rs-26,97,936 |

കയർ ഭൂവസ്ത്രം നിർമ്മിയ്ക്കുന്നതിനായി 51,62,121 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പത്ത് വാർഡുകളിലെയും കയർ ഭൂവസ്ത്രം വെള്ളപ്പൊക്കത്തിൽ പൂർണ്ണമായും നശിച്ച അവസ്ഥയിലാണ്. വൻതുക ചെലവഴിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പ്രസ്തുത പ്രോജക്ടുകളുടെ കാര്യക്ഷമതയും ആസ്തിസൃഷ്ടിക്കലും കൂടി പരിഗണിക്കേണ്ടതാണ്.

ബി) ചെലവ് രേഖകൾ ലഭ്യമല്ല-തുക തടസ്സപ്പെടുത്തുന്നു

തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വൗച്ചർ നം.21700433/03.10.2017(ചെക്ക് നം.351036/3.10.17) പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന സമയത്ത് ഒരു തൊഴിലാളി കാൽവഴുതി വീണ് ചികിത്സാ സഹായമിനത്തിൽ 5,816 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകൾ

ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6 തീയതി 1.11.2018) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ, രേഖകളുടെ അഭാവത്തിൽ 5,816 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 145 പ്രവൃത്തികളാണ് 2017-18 വർഷം നടപ്പിലാക്കാനുണ്ടായിരുന്നത് (പുതിയത് 84, സ്പിൽ ഓവർ 6). നിർവഹണത്തിനായി ഏൽപ്പിച്ചിരിക്കുന്ന പ്രോജക്ടുകളിൽ 25 എണ്ണത്തിന് കരാറുകാറുമായി എഗ്രിമെന്റിൽ ഏർപ്പെട്ടില്ല. മേൽ പ്രോജക്ടുകൾക്ക് മൊത്തമായി 3,57,25,926 രൂപ വകയിരുത്തിയതിൽ കേവലം 1,57,37,808 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരിക്കുന്നത്. വകയിരുത്തിയ തുക വിനിയോഗിക്കപ്പെടാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി പത്ത് ലക്ഷത്തിൽപരം രൂപ അസിസ്റ്റന്റ് എഞ്ചിനീയറെ നിർവഹണം നടത്താനേൽപ്പിച്ച പ്രോജക്ടുകളിൽ ചെലവില്ലാത്തതിനാൽ സർക്കാരിലേക്ക് തിരികെപോയിട്ടുണ്ട്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ നിർവഹണം കാര്യക്ഷമമായിരുന്നിട്ടും മരാമത്ത് പ്രവർത്തികളുടെ നിർവഹണം കാര്യക്ഷമമല്ലാത്തതിനാൽ സർക്കാരിൽ നിന്നും വിവിധ ഫണ്ടിനങ്ങളിലായി ലഭിച്ചതുകയിൽ നല്ലൊരുതുക ചെലവഴിക്കാതെ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. പ്രോജക്ടുളുടെ നിർവഹണ പുരോഗതി വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിവിധ മീറ്റിങ്ങുകളിൽ വിശകലനം ചെയ്തിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തിയതും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ അഭാവവും നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പുതുതായി തുക വകയിരുത്തിയ 84 മരാമത്ത് പ്രവർത്തികളിൽ 10 എണ്ണം മാത്രമെ സാമ്പത്തിക വർഷം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശമായി ഉയർന്നുവന്നിട്ടുള്ളൂ. 27.417, 29.4.17 തീയതികളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ ബാഹുല്യം നിയന്ത്രിച്ച്, നിർവഹണഘട്ടങ്ങൾ മോണിറ്റർ ചെയ്ത് മരാമത്ത് പ്രവർത്തികളുടെ നിർവഹണം കാര്യക്ഷമമാക്കേണ്ടതാണ്. 2017-18 വർഷം ഇ-ടെണ്ടർ ചെയ്ത പത്ത് പ്രവൃത്തികളിൽ 8 എണ്ണവും തൻവർഷം ആരംഭിച്ചിട്ടില്ല.

## 3-14 ആശ്രയ പ്രോജക്ട് -അവലോകനം

ഗ്രാമപഞ്ചായത്തിലെ ആശ്രയ ഒന്ന്, രണ്ട് ഘട്ടം പദ്ധതികളുടെ കാലാവധി അവസാനിക്കുകയും അഗതി രഹിത കേരളം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 25 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 107 ഗുണഭോക്താക്കളുമുണ്ടായിരുന്നു. ഇവർക്ക് ഭക്ഷണം, വിദ്യാഭ്യാസം, മരുന്ന്, വീട്, കക്കൂസ്, കുടിവെള്ളം മുതലായവയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്. ഒന്ന്, രണ്ട് ഘട്ട പ്രവർത്തനങ്ങൾക്കുവേണ്ടി ചലഞ്ച്ഫണ്ട്, പ്ലാൻഫണ്ട് ഇനങ്ങളിൽ വകയിരുത്തിയിരുന്നതും ചെലവഴിച്ചിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ഫണ്ടിനം | ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| ഒന്നാം ഘട്ടം | പ്ലാൻ ഫണ്ട് | 7,07,500/- | 4,29,000/- | 2,78,500/- |
| | ചലഞ്ച് ഫണ്ട് | 3,75,000/- | 1,47,891/- | 2,27,109/- |
| രണ്ടാം ഘട്ടം | പ്ലാൻ ഫണ്ട് | 9,03,126/- | 8,25,000/- | 78,126 |
| | ചലഞ്ച് ഫണ്ട് | 11,94,834/- | 6,78,273/- | 5,16,561/- |

അഗതി കേരളം പദ്ധതിയുടെ ഭാഗമായി വിവരശേഖരണ സർവ്വേ നടത്തുകയും ഇതിനെത്തുടർന്ന് അപ്പീൽ

പരിശോധന പൂർത്തിയായതിനുശേഷം പഞ്ചായത്തുകമ്മറ്റി അംഗീകരിച്ച 235 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി | 24.08.2017 | 3,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,82,622 | 17,378 |
| ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി | 28.08.2017 | 7,00,000 | വയോജനങ്ങൾക്ക് പകൽ വീട് | ---- | 7,00,000 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 11.01.2018 | 8,00,000 | നെൽകർഷകർക്ക് പെട്ടിയും പറയും | ---- | 8,00,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഐ.കെ.എം | ഐ.കെ.എം. ന് നൽകുന്ന വിഹിതം | 74,630 | 74,630 | - |
| എസ്.എസ്.എ | എസ്.എസ്.എ.യ്ക്ക് നൽകുന്ന വിഹിതം | 5,55,000 | 5,55,000 | - |
| കെ.ഡബ്ല്യൂ.എ | വലിയ വീട്ടിൽ ചിറ നടപ്പാത പൈപ്പ്ലൈൻ നീട്ടൽ | 1,10,000 | 45,600 | 64,400 |
| കെ.ഡബ്ല്യൂ.എ | ളായിക്കാട് മരങ്ങാട്ടുപടി പൈപ്പ്ലൈൻ നീട്ടൽ | 5,43,000 | 3,36,104 | 2,06,896 |
| കെ.ഡബ്ല്യൂ.എ | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ | 9,00,000 | 7,66,726 | 1,33,274 |
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് ലൈൻ നീട്ടൽ | 1,31,920 | 0 | 1,31,920 |
| കെ.എസ്.ഇ.ബി | യാത്രയ്ക്ക് തടസ്സമായ പോസ്റ്റ് | 1,86,024 | 65,450 | 1,20,574 |

| | | | | |
|---|---|---|---|---|
| | മാറ്റൽ | | | |
| ജി.ഡബ്ല്യൂ.എ | പാണ്ടൂർ കോളനി കുഴൽ കിണർ | 22,010 | - | 22,010 |
| കെ.എസ്.ഇ.ബി | അങ്കണവാടികൾക്ക് വൈദ്യുതി എത്തിക്കൽ | 42,530 | - | 42,530 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവുചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|---|---|
| 1999-00 | | 2001-02 | 10(12) | ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയത് സംബന്ധിച്ച് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,53,59,358 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,48,54,302 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,05,816 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1,00,000 | ശ്രീമതി മിനി മുരളി, സെക്രട്ടറി |
| 3-9 | 1,00,000 | ഡോ.സാലി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-12 ബി | 5,816 | ശ്രീമതി മിനി മുരളി, സെക്രട്ടറി |
| ആകെ | **2,05,816** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 96-97 ചെലവ് | എൽ.എഫ്.കെ.പി3/210/98/16.5.98/3.9.99 | |
| 97-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി3/1661/16/05.01.18 | 6 |
| 98-99(ചെലവ്)<br>98-99(വരവ്) | കെ.എസ്.എ-കെ.ടി.എം.പി3/1661/16/05.01.18 | 6 |
| 99-00 | കെ.എസ്.എ-കെ.ടി.എം.പി3/1661/16/22.01.18 | 9 |
| 01-02 | എൽ.എഫ്.കെ.പി8/906/07 22.04.09 | 4 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി8/121/05/02.07.07 | 17 |
| 03-04 ചെലവ് | എൽ.എഫ്.കെ.പി8/165/07/04.07.09 | 13 |
| 05-06 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(6)/2018/01.02.18 | 4 |
| 06-07 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(7)/2018/01.02.18 | 23 |
| 07-08 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(11)/2018/01.02.18 | 6 |
| 08-09 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(8)/2018/01.02.18 | 9 |

| | | |
|---|---|---|
| 09-10 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(9)/2018/01.02.18 | 5 |
| 10-11, 11-12 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(10)/2018/01.02.18 | 12 |
| 12-13 | എൽ.എഫ്.കെ.പി3/1370/14/ 18.4.15 | 12 |
| 13-14 | കെ.എസ്.എ-കെ.ടി.എം.പി3/175/15/10.3.16 | 24 |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി3/1803/16/03.04.17 | 19 |
| 15-16 | കെ.എസ്.എ-കെ.ടി.എം.പി13/1931/16/02.05.17 | 45 |
| 16-17 | കെ.എസ്.എ-കെ.ടി.എം.പി110/412/16/05.10.2017 | 45 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി10/2024/2018

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 28.11.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം